# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : **23** 09.03.2015-ൽ മറുപടിക്ക്

## സേവനാവകാശ നിയമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ലൂഡി ലൂയിസ്**<br>**ശ്രീ. ടി.എൻ.പ്രതാപൻ**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.സണ്ണി ജോസഫ്** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സംസ്ഥാനത്ത് സേവനാവകാശ നിയമം നടപ്പാക്കിയിട്ടുണ്ടോ ; | (എ) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നവംബർ 1-ാം തീയതി നിലവിൽ വന്നിട്ടുണ്ട്. |
| (ബി) ഏതെല്ലാം വകുപ്പുകളിലാണ് പ്രസ്തുത നിയമം നടപ്പാക്കിയിട്ടുള്ളത് ; | (ബി) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 പ്രകാരം 117 വകുപ്പുകൾ/ സ്ഥാപനങ്ങൾ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച് പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. അവയുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) എല്ലാ വകുപ്പുകളിലും പ്രസ്തുത നിയമം നടപ്പാക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ ;<br><br>(ഡി) പ്രസ്തുത നിയമത്തിന്റെ നടപ്പാക്കൽ സമയബന്ധിതമായി പൂർത്തിയാക്കുമോ ; | (സി) യും (ഡി) യും കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, 2012 നവംബർ 1 മുതൽ നിലവിൽ വന്നു. ടി നിയമവും ചട്ടങ്ങളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 23.11.2012, 19.02.2013 എന്നീ തീയതി കളിലെ 21145/ഏ.ആർ.12(1)/12/ഉ.ഭ.പ.വ., 20.12.2012-ലെ 14944/ഏ.ആർ.12(1)/ 12/ഉ.ഭ.പ.വ., 04.10.2013-ലെ 16203/ ഏ.ആർ.12(1)/13/ഉ.ഭ.പ.വ. എന്നീ സർക്കുലറു കൾ പ്രകാരം ടി നിയമം നടപ്പിലാ- |

ക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്കും, കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം സർക്കാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ ഗസറ്റ് വിജ്ഞാപനത്തിലെ വിവരങ്ങളും, സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും, ചട്ടങ്ങളിലെ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതിലേയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ, പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് 21.10.2014-ലെ സർക്കുലർ നമ്പർ. 16203/ എ.ആർ.12(1)/13/ഉ.ഭ.പ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമ പ്രകാരം നൽകിയ സേവനങ്ങൾ

സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും വകുപ്പുതലവന്മാർ ബന്ധപ്പെട്ട ഭരണവകുപ്പ് മുഖേന ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, സേവനങ്ങൾ ലഭിക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ, അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും 15.11.2014-ലെ 16203/എ.ആർ.12(1)/2013/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

| | |
|---|---|
| (ഇ) സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനും, കൂടുതൽ മേഖലകൾ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | (ഇ) സേവനങ്ങൾ ഓൺലൈൻ വഴി നൽകുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമത്തിൽ വ്യവസ്ഥയില്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ.